A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

605

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് : 6 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**പ്രവർത്തനം : 1**

**ഡൽഹി കേന്ദ്രമാക്കി നിരവധി ഭരണകൂടങ്ങൾ ഉണ്ടായിരുന്നതായി നിങ്ങൾ പഠിച്ചു. 17-ാം നൂറ്റാണ്ടിൽ പൂനെ ആസ്ഥാനമാക്കി മറാത്ത രാജ്യം ശക്തി പ്രാപിച്ചു. ഈ രണ്ടു പ്രദേശങ്ങളെ ഭരണകേന്ദ്രങ്ങളായി തെരഞ്ഞെടുത്തതിനെ സ്വാധീനിച്ച കാര്യങ്ങളിൽ ചില സമാനതകൾ കാണാവുന്നതാണ്**

എ ഈ പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ സമാനതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

ബി മറാത്ത രാജ്യത്തിലെ പ്രധാന ഭരണാധികാരി ആരായിരുന്നു?

സി മുഗൾ സാമ്രാജ്യം ഏറ്റവും കൂടുതൽ വിസ്തൃതമായത് ആരുടെ ഭരണകാലത്തായിരുന്നു?

**പ്രവർത്തനം : 2**

**മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യ കേന്ദ്രമാക്കി അധികാരം സ്ഥാപിച്ച പ്രബലരായ സാമ്രാജ്യങ്ങളിൽ ഒന്നാണ് വിജയ നഗരം.**

*ഈ രാജാവിന്റെ ഭരണത്തിന് കീഴിൽ കോഴിക്കോടിനെ പോലെയുള്ള 300 തുറമുഖങ്ങൾ ഉണ്ട്. അദ്ദേഹത്തിന്റെ ഭരണത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ യാത്രചെയ്യണമെങ്കിൽ കുറഞ്ഞത് മൂന്ന് മാസത്തെ സമയമെങ്കിലും വേണം. രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഫലഭൂയിഷ്ഠവും പതിവായി കൃഷിയിറക്കുന്നതുമാണ്. സൈന്യത്തിന്റെ അംഗബലം 11 ലക്ഷം വരും*

അബ്ദുർ റസാക്ക്

എ വിജയനഗരസാമ്രാജ്യത്തെക്കുറിച്ച് പേർഷ്യൻ സഞ്ചാരിയായിരുന്ന അബ്ദുർ റസാക്കിന്റെ വിവരണത്തിലെ ഒരു ഭാഗമാണിത്. ഇതിൽ നിന്നും വിജയനഗരസാമ്രാജ്യത്തെ കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താം?

ബി വിജയനഗരസാമ്രാജ്യത്തിന്റെ സ്ഥാപകർ ആരെല്ലാമായിരുന്നു?

**പ്രവർത്തനം-3**

**മധ്യകാല ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷി ആയിരുന്നു. കൃഷിക്ക് അനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാത്തതുമായ ഭൂമി അക്കാലത്ത് ഇന്ത്യയിൽ ധാരാളം ഉണ്ടായിരുന്നു.**

എ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മധ്യകാലഘട്ടങ്ങളിൽ ഭരണാധികാരികൾ സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാം?

ബി. മുഗൾ ഭരണകാലത്ത് ഉദ്യോഗസ്ഥർക്ക് വേതനമായി ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം ഏത് പേരിൽ അറിയപ്പെട്ടിരുന്നു?

### പ്രവർത്തനം - 4

വിദേശ സഞ്ചാരികളുടെ യാത്രാവിവരണങ്ങളിൽ നിന്ന് മുഗൾ ഭരണകാലഘട്ടത്തിലെ ജനങ്ങളുടെ സാമൂഹിക ജീവിതത്തെ കുറിച്ച് ഒട്ടനവധി വിവരങ്ങൾ നമുക്ക് ലഭിക്കുന്നു.

എ. താഴെ പറയുന്നവരിൽ മുഗൾ ഭരണകാലത്ത് ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരി ആര്?

(എ) ഇബ്നു ബത്തൂത്ത (ബി) ബെർണിയർ (സി) റാൽഫ്ഫിച്ച്
(ഡി) നിക്കോളോ കോണ്ടി

ബി. മുഗൾ ഭരണകാലത്തെ ജനങ്ങളുടെ സാമൂഹിക ജീവിതത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം - 5

കാർഷിക സംസ്കാരത്തിൽ നിന്ന് അകന്നതോടെ മലയാളികളുടെ ജീവിതശൈലിയിൽ ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായി.

എ. കൃഷിയുമായി ബന്ധപ്പെട്ട് ഒരു പഴഞ്ചൊല്ല് കുറിക്കുക.

ബി. കാർഷിക സംസ്കാരത്തിൽ നിന്നുള്ള മാറ്റം കേരളത്തിലെ സാമൂഹ്യജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കിയത്? കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം - 6

മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉല്പാദനം. ഇതിന് സഹായിക്കുന്ന വിവിധ ഘടകങ്ങൾ ആണ് ഉല്പാദന ഘടകങ്ങൾ.

എ. ഉല്പാദന ഘടകം എന്ന നിലയിൽ ഭൂമിയുടെ സവിശേഷതകൾ എന്തെല്ലാം?

ബി. തന്നിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രികപ്രവാഹം പൂർത്തിയാക്കു.

